**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഒരോടംപാലം-മാനത്ത് മംഗലം ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിലെ ഒരോടംപാലം-മാനത്ത്മംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | ഓരോടംപാലം മാനത്തുമംഗലം ബൈപ്പാസിൽ വരുന്ന അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടത്തിയതി നെത്തുടർന്ന് P&E(Plan & Estimation) ചാർജ്ജ് ഇനത്തിൽ റെയിൽവേയ്ക്ക് അടവാക്കുന്നതിന് തുക അനുവദിക്കണമെന്ന അഭ്യർത്ഥന അനുസരിച്ച് P&E( Plan &Estimation) ചാർജ്ജ് ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് അംഗീകാരത്തി നായി ചീഫ് ബ്രിഡ്ജസ് എഞ്ചിനീയർ, ഹെഡ് ക്വാർട്ടേഴ്സ് ഓഫീസ് വർക്ക് ബ്രാഞ്ച് ചെന്നൈ എന്നിവർക്ക് ജി.എ.ഡി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിനുള്ള P & E ചാർജ് 28.01.2021 ന് അടവാക്കിയിട്ടുണ്ട്. ജി.എ.ഡി അംഗീകരിച്ച് ലഭ്യമായിട്ടില്ല. 28.06.2022, 30.11.2022 തീയതികളിൽ ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ട്.<br><br>ഭൂമി ഏറ്റെടുക്കുന്നതിന് 2013ന് ശേഷമുള്ള പുതുക്കിയ ഭരണാനുമതിക്കായി കത്ത് ലഭിച്ചിരുന്നുവെങ്കിലും ശീർഷകം, ഫണ്ട് ലഭ്യത എന്നിവ ആവശ്യപ്പെട്ട് റോഡുകൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സതേൺ റെയിൽവേയിൽ നിന്ന് ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് (ജി.എ.ഡി) ലഭിയ്ക്കുന്നതിന് വേണ്ടി പി. ആന്റ് ഇ. ചാർജ്ജ് ഒടുക്കിയശേഷം റയിൽവേയിൽ നിന്നും ജി.എ.ഡി. ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജി.എ.ഡി | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | ലഭിയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പദ്ധതി സമയപരിധി നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ